
എ.വൈ.ആർ

**ഇസ്രാഈല്യരുടെ ജനസംഖ്യ വർധിക്കുന്നതും അവർ വികസിച്ചുവരുന്നതും തടയുന്നതിനു വേണ്ടി ഫറവോൻ അവരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊല്ലുന്ന സമ്പ്രദായം വരെ നടപ്പിലാക്കിയിരുന്നു. അടിച്ചമർത്തലും അവകാശ നിഷേധവും അടിമത്തം തന്നെയാണെന്നാണ് ഖുർആന്റെ പദ പ്രയോഗം സൂചിപ്പിക്കുന്നത്. ഇസ്രാഈല്യരുടെ മേലുള്ള യജമാനത്വവും വിത്തപ്രതാപവും അധികാര പ്രമത്തതയുമൊന്നും അനിവാര്യമായ നാശത്തിൽ നിന്ന് ഫറവോനികളെ രക്ഷിച്ചില്ല. പൂർവികർ പതിച്ച നാശഗർത്തത്തിൽ അവരും ചെന്നു പതിച്ചു.**



ثُمَّ أَرْسَلْنَا مُوسَىٰ وَأَخَاهُ هَٰرُونَ بِـَٔايَٰتِنَا وَسُلْطَٰنٍ مُّبِينٍ ﴿٤٥﴾

**45.** അനന്തരം തെളിഞ്ഞ ദൃഷ്ടാന്തങ്ങളും പ്രമാണങ്ങളുമായി മൂസായെയും സഹോദരനെയും ദൈവദൂതന്മാരായി നിയോഗിച്ചു;

إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا عَالِينَ ﴿٤٦﴾

**46.** ഫറവോന്റെയും അവന്റെ പ്രമാണിമാരുടെയും അടുക്കലേക്ക്. അവരും കൊടിയ അഹങ്കാരികളായി. ഒരു ഉദ്ധത ജനമായിരുന്നു അവർ.

فَقَالُوٓا۟ أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا عَٰبِدُونَ ﴿٤٧﴾

**47.** ഫറവോനികൾ ഘോഷിച്ചു: നമ്മെപ്പോലുള്ള രണ്ടു മനുഷ്യരിൽ നമ്മൾ വിശ്വസിക്കണമെന്നോ? അതും അവരുടെ സമുദായം നമ്മുടെ അടിയാളരാണെന്നിരിക്കെ?!

فَكَذَّبُوهُمَا فَكَانُوا۟ مِنَ ٱلْمُهْلَكِينَ ﴿٤٨﴾

**48.** ഈ വിധം ആ ജനം രണ്ട് പ്രവാചകന്മാരെയും തള്ളിക്കളഞ്ഞു. അതുവഴി നശീകൃതരുടെ ഗണത്തിൽ പെട്ടുപോവുകയും ചെയ്തു.

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ لَعَلَّهُمْ يَهْتَدُونَ ﴿٤٩﴾

**49.** മൂസാക്ക് നാം തീർച്ചയായും വേദമരുളുകയുമുണ്ടായി; ജനം സന്മാർഗം പ്രാപിക്കാൻ.

**45-49**

പിന്നെ നാം (ദൈവദൂതന്മാരായി) നിയോഗിച്ചു = ثُمَّ أَرْسَلْنَا

മൂസായെയും അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂനിനെയും = مُوسَىٰ وَأَخَاهُ هَٰرُونَ

തെളിഞ്ഞ = مُّبِينٍ പ്രമാണങ്ങളുമായും = وَسُلْطَٰنٍ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി = بِـَٔايَٰتِنَا

അവന്റെ പ്രമാണിമാരിലേക്കും = وَمَلَإِي۟هِۦ ഫറവോന്റെ അടുക്കലേക്ക്= إِلَىٰ فِرْعَوْنَ

അവർ ആയിരുന്നു = وَكَانُوا۟ അപ്പോൾ അവരും കൊടിയ അഹങ്കാരികളായി= فَٱسْتَكْبَرُوا۟

അതിനാൽ അവർ ഘോഷിച്ചു= فَقَالُوٓا۟ ഒരു പൊങ്ങിയവരായ സമുദായം (ഉദ്ധത ജനം) = قَوْمًا عَالِينَ

രണ്ടു മനുഷ്യരെ(രിൽ)= لِبَشَرَيْنِ ഞങ്ങൾ വിശ്വസിക്കുകയോ(വിശ്വസിക്കണമെന്നോ) = أَنُؤْمِنُ

നമ്മുടെ, നമുക്ക് = لَنَا (അതും) അവരുടെ സമുദായം = وَقَوْمُهُمَا നമ്മെപ്പോലുള്ള = مِثْلِنَا

അടിമപ്പണി ചെയ്യുന്നവർ (അടിയാളർ) ആയിരിക്കെ = عَٰبِدُونَ

ഈ വിധം അവർ (ആ ജനം) രണ്ടുപേരെയും തള്ളിക്കളഞ്ഞു = فَكَذَّبُوهُمَا

അതുവഴി അവർ ആയി(പെട്ടുപോവുകയും ചെയ്തു) = فَكَانُوا۟

നശിപ്പിക്കപ്പെടുന്നവരിൽനിന്നുള്ളവർ (നശീകൃതരുടെ ഗണത്തിൽ) = مِنَ ٱلْمُهْلَكِينَ

വേദം = ٱلْكِتَٰبَ മൂസാക്ക് നാം തീർച്ചയായും നൽകി (അരുളുകയുമുണ്ടായി) = وَلَقَدْ ءَاتَيْنَا مُوسَى

അവർ (ജനം) സന്മാർഗം പ്രാപിക്കാൻ = لَعَلَّهُمْ يَهْتَدُونَ

**കൊ**ടിയ സത്യനിഷേധവും അധാർമികതയും ദുരാചാര പ്രമത്തതയും മൂലം ഉന്മൂലനം ചെയ്യപ്പെട്ട സമൂഹങ്ങളെയും അവരിൽ നിയുക്തരായ പ്രവാചകന്മാരെയും മൊത്തത്തിൽ പരാമർശിച്ച ശേഷം മൂസാ-ഹാറൂൻ പ്രവാചകന്മാരെ പ്രത്യേകം എടുത്തു പറയുകയാണ്. വേദക്കാർക്കെന്ന പോലെ അറബികൾക്കും സുപരിചിതരാണീ പ്രവാചകന്മാർ. തൗറാത്തും ഇഞ്ചീലും അവരുടെ കഥകൾ വിസ്തരിച്ചു പറയുന്നുണ്ട്. മൂസാ നബിയുടെ പ്രബോധിതരിൽ ഒരു വിഭാഗം രക്ഷിക്കപ്പെടുകയും മറ്റൊരു വിഭാഗം ശിക്ഷിക്കപ്പെടുകയുമായിരുന്നു. ഫറവോനികളാണ് ശിക്ഷിക്കപ്പെട്ടത്. മൂസാ-ഫറവോൻ സംഘർഷവും ഫറവോന്റെ നാശവും നേരത്തേ സൂറഃ *അൽബഖറ* 49,50, *അൽഅഅ്റാഫ്* 103-106, *യൂനുസ്* 75-92, *ഹൂദ്* 96-99, *ബനീഇസ്രാഈൽ* 101-104, *ത്വാഹാ* 9-80 സൂക്തങ്ങളിൽ പ്രതിപാദിച്ചു കഴിഞ്ഞിരിക്കുന്നു. വിശദീകരണത്തിന് *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങളുടെ വിശദീകരണം നോക്കുക.

ദൃഷ്ടാന്തങ്ങൾ-آياتنا- എന്നു പറഞ്ഞത് മൂസാ(അ)യിലൂടെ പ്രത്യക്ഷമായ ദിവ്യാത്ഭുതങ്ങളാണ്. سلطان അധികാരം, പ്രമാണം, തെളിവ് എന്നീ ആശയങ്ങളെ വഹിക്കുന്നു. ഈ ആശയങ്ങളെല്ലാം ഇവിടെ ഉദ്ദേശ്യമാകാം. അല്ലാഹു തന്റെ മേൽനോട്ടത്തിൽ വളർത്തിക്കൊണ്ടുവന്ന് നിയോഗിച്ച പ്രവാചകനാണ് മൂസാ(അ). അതിന്റേതായ ഒരു പ്രത്യേക മേധാവിത്വവും ആധികാരികതയും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ പ്രവാചകത്വം തെളിയിക്കുന്ന വേദപ്രമാണങ്ങളും അദ്ദേഹം വഹിച്ചിരുന്നു. മൂസാ(അ)ക്ക് ലഭിച്ച ദിവ്യാത്ഭുതങ്ങളിൽ പ്രഥമവും പ്രധാനവും, പ്രതിയോഗികളെ ദയനീയമായി പരാജയപ്പെടുത്താൻ പര്യാപ്തവുമായ ഊന്നു വടിയാണ് 'തെളിഞ്ഞ സുൽത്വാൻ' -سُلطان مبين- കൊണ്ടുദ്ദേശ്യമെന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

മൂസാ നബിയെ 'ഫറവോനിലേക്ക് അയച്ചു' എന്നാണ് ഇവിടെ പറയുന്നത്. ഇസ്രാഈല്യനായ മൂസാ(അ)യുടെ അടിസ്ഥാന ദൗത്യം ഇസ്രാഈല്യരെ ഉദ്ബുദ്ധരാക്കുക മാത്രമായിരുന്നില്ല, ഇസ്രാഈല്യർ ഉൾപ്പെടെയുള്ള ഈജിപ്ഷ്യൻ ജനതയെ സന്മാർഗത്തിലേക്ക് നയിക്കലും കൂടിയായിരുന്നു. വിശുദ്ധ താഴ്വരയിലേക്ക് വിളിപ്പിച്ച് മൂസാ നബിയോട് അല്ലാഹു ആദ്യം കൽപിക്കുന്നത് ഫറവോന്റെ അടുത്ത് പോയി അയാളെ ജീവിത സംസ്കരണവും വിധാതാവിങ്കലേക്കുള്ള സന്മാർഗവും ഉൽബോധിപ്പിക്കാനാണ്. 79:15-26-ൽ അത് വിശദമായി പറയുന്നുണ്ട്. ഫറവോനികൾ മൂസാ നബിയുടെ ദൗത്യം അംഗീകരിച്ചിരുന്നുവെങ്കിൽ ഇസ്രാഈല്യരുടെ മോചനം അവർ ഈജിപ്തിൽ വസിച്ചുകൊണ്ടുതന്നെ സാധ്യമാകുമായിരുന്നു.

പക്ഷേ, ഫറവോനികൾ മൂസാ(അ)യിൽ വിശ്വസിക്കാൻ തയാറായില്ല. ഭൗതിക വിഭവങ്ങളുടെ സമൃദ്ധിയിലും ശക്തിയിലും ശൗര്യത്തിലും അധികാരത്തിലും കൊടിയ അഹന്ത പുലർത്തുന്ന ഗർവിഷ്ഠരായിരുന്നു അവർ. فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا عَالِينَ എന്നാണ് മൂലവാക്യം. അഹങ്കാരം كِبر ഉം تكبر അഹങ്കാരിയാകലുമാണ്. അത് إِسْتكبَار ആകുമ്പോൾ കൊടിയ അഹങ്കാരം നടിക്കൽ എന്നാകുന്നു. عالى (ഉദ്ധതൻ)യുടെ ബഹുവചനമാണ് عالين. ആളുകളെക്കുറിച്ച് ഇതു പറയുമ്പോൾ 'എല്ലാ ആജ്ഞക്കും അതീതരായവൻ' എന്നാണ് വിവക്ഷ. തങ്ങൾ എല്ലാം തികഞ്ഞവരും മറ്റുള്ളവരുടെ ഉപദേശത്തിനും ഉൽബോധനത്തിനും കൽപനക്കുമെല്ലാം അതീതമായ പ്രതാപമുള്ളവരുമാണെന്ന് ഭാവിക്കുന്നവർ. ഇത് അഹങ്കാരത്തിന്റെയും മീതെയുള്ള പടിയാണ്. അഹങ്കാരി തന്റെ ധർമം മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യും. പക്ഷേ അതനുസരിക്കുന്നത് തനിക്ക് കുറച്ചിലാകുമെന്നും അനുസരിക്കാതിരിക്കുന്നതാണ് ഭൂഷണമെന്നും അയാൾ കരുതുന്നു. എന്നാൽ ഉദ്ധതൻ-عالى- കരുതുന്നത് താൻ ആരെയും അനുസരിക്കേണ്ടതില്ലാത്തവനും മറ്റെല്ലാവരുടെയും ശാസനക്ക് അതീതനാണെന്നുമാകുന്നു. ഈ അർഥത്തിലാണ് സൂറഃ *സ്വാദിൽ* അല്ലാഹു ഇബ്ലീസിനോട് ചോദിക്കുന്നത് أَسْتَكْبَرْتَ أَمْ كُنتَ مِنَ ٱلْعَالِينَ (നീ അഹങ്കാരം കൈക്കൊണ്ടുവോ അതല്ല ദൈവകൽപനക്ക് അതീതരെന്ന് ഭാവിക്കുന്നവരുടെ ഗണത്തിലാണോ നീ?-38:75).

ഫറവോനികളുടെ അഹന്തയും അത്യുന്നത ഭാവവും തുറന്നു കാട്ടുന്നതാണ് പ്രവാചകന്മാരെ തള്ളിക്കളയാൻ അവരുന്നയിച്ച ന്യായം. പ്രവാചകനെ നിഷേധിക്കാൻ പൂർവ സമുദായങ്ങളും 'ആളത്തം' ഒരു ന്യായമായി പറഞ്ഞിട്ടുണ്ട്. മനുഷ്യർ പ്രവാചകന്മാരാവില്ല എന്നായിരുന്നു അവരുടെ വാദം. ഞങ്ങളെപ്പോലൊരു മനുഷ്യനെ ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമില്ല എന്നാണ് ഫറവോനികൾ പറയുന്നത്. ഒരു സാധാരണ മനുഷ്യനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിൽ നിന്നൊക്കെ അതീതരാണ് ഞങ്ങൾ; വിശ്വാസവും അനുസരണവും ആവശ്യപ്പെടുന്ന മനുഷ്യൻ ഞങ്ങളുടെ അടിമകളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കെ വിശേഷിച്ചും. عبد (അടിമ)ന്റെ മറ്റൊരു പദമാണ് عابد. ഇബാദത്ത് ചെയ്യുന്നവൻ അഥവാ ആരാധിക്കുന്നവൻ, അടിമ വേല ചെയ്യുന്നവൻ, വിധേയൻ, ആജ്ഞാനുവർത്തി എന്നൊക്കെയാണ് അർഥം. عابد ന്റെ ബഹുവചനമാണ് عابدون. യൂസുഫ് നബിയുടെ കാലം മുതൽ ഇസ്രാഈല്യർ ഈജിപ്തിൽ സമ്പത്തും ഉയർന്ന സാംസ്കാരിക നിലവാരവും അധികാര സ്വാധീനവുമുള്ള വരേണ്യ വർഗമായിരുന്നു. ഫറവോൻ വംശം അധികാരത്തിൽ വന്നതോടെ അവരുടെ സൗഭാഗ്യങ്ങൾ പൊലിഞ്ഞു. ഫറവോനികൾ അവരെ സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും അടിച്ചമർത്തി. മൂസാ നബിയുടെ കാലമായപ്പോഴേക്കും അവർ തനി അടിമപ്പണിക്കാരായി പരിണമിച്ചിരുന്നു. عَبَّدتَّ بَنِىٓ إِسْرَٰٓءِيلَ (നീ ഇസ്രാഈല്യരെ അടിമകളാക്കിക്കളഞ്ഞു) എന്ന് 26:22-ൽ മൂസാ നബി ഫറവോനെ വിമർശിക്കുന്നുണ്ട്. ഫറവോൻ നാട്ടുകാരെ വിഭജിച്ച് അതിലൊരു വിഭാഗത്തെ (ഇസ്രാഈല്യരെ) അടിച്ചമർത്തി وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَآئِفَةً مِّنْهُمْ എന്ന് 28:4-ൽ പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈല്യരുടെ ജനസംഖ്യ വർധിക്കുന്നതും അവർ വികസിച്ചുവരുന്നതും തടയുന്നതിനു വേണ്ടി ഫറവോൻ അവരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊല്ലുന്ന സമ്പ്രദായം വരെ നടപ്പിലാക്കിയിരുന്നു. അടിച്ചമർത്തലും അവകാശ നിഷേധവും അടിമത്തം തന്നെയാണെന്നാണ് ഖുർആന്റെ പദ പ്രയോഗം സൂചിപ്പിക്കുന്നത്. ഇസ്രാഈല്യരുടെ മേലുള്ള യജമാനത്വവും വിത്തപ്രതാപവും അധികാര പ്രമത്തതയുമൊന്നും അനിവാര്യമായ നാശത്തിൽ നിന്ന് ഫറവോനികളെ രക്ഷിച്ചില്ല. പൂർവികർ പതിച്ച നാശഗർത്തത്തിൽ അവരും ചെന്നു പതിച്ചു.

ഫറവോന്റെ നാശത്തിനും ഇസ്രാഈല്യരുടെ ഈജിപ്തിൽ നിന്നുള്ള പലായനത്തിനും ശേഷം മൂസാ നബിക്കും അദ്ദേഹത്തിന്റെ സമുദായത്തിനും അല്ലാഹു മഹത്തായ അനുഗ്രഹങ്ങളരുളി. അഹങ്കാരികളും ഗർവിഷ്ഠരുമായി, ഞങ്ങളൊരു

സാദാ മനുഷ്യനിൽ വിശ്വസിക്കുകയോ എന്ന് ഘോഷിച്ചുകൊണ്ട് ഫറവോനികൾ ധാർഷ്ട്യത്തോടെ തള്ളിക്കളഞ്ഞ മൂസാ നബിയെ അല്ലാഹു തന്റെ മഹിതമായ വേദഗ്രന്ഥം കൊണ്ട് അനുഗ്രഹിച്ചു. ജീവിതത്തിന്റെ സർവ തുറകളിലും സന്മാർഗദർശനം ലഭിക്കുന്നതായിരുന്നു ആ വേദം. سُلْطَان مبين കൊണ്ടുദ്ദേശ്യം തൗറാത്ത് ആണോ എന്ന കാര്യത്തിൽ തർക്കമുണ്ടെങ്കിലും ഇവിടെ الكتاب തൗറാത്താണെന്ന കാര്യത്തിൽ തർക്കമില്ല. ■

وَجَعَلْنَا ٱبْنَ مَرْيَمَ وَأُمَّهُۥٓ ءَايَةً وَءَاوَيْنَٰهُمَآ إِلَىٰ رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ ﴿٥٠﴾

50. മർയമിന്റെ പുത്രനെയും അദ്ദേഹത്തിന്റെ മാതാവിനെയും നാം ഒരു മഹാ ദൃഷ്ടാന്തമാക്കിവെച്ചു. അവരെ പ്രശാന്തവും സജലവുമായ പീഠസ്ഥലിയിൽ പാർപ്പിക്കുകയും ചെയ്തു.

**50**

وَجَعَلْنَا = നാം ആക്കി (വെച്ചു) ٱبْنَ مَرْيَمَ = മർയമിന്റെ പുത്രനെ وَأُمَّهُۥٓ = അദ്ദേഹത്തിന്റെ മാതാവിനെയും
ءَايَةً = ഒരു(മഹാ) ദൃഷ്ടാന്തം وَءَاوَيْنَٰهُمَآ = ഇരുവരെയും നാം പാർപ്പിക്കുകയും ചെയ്തു
إِلَىٰ رَبْوَةٍ = ഒരു പീഠസ്ഥലിയിൽ ذَاتِ قَرَارٍ = ശാന്തിയുള്ള (പ്രശാന്തവും) وَمَعِينٍ = നീരുറവയുള്ളതു(സജലവു)മായ

**അ**വസാനം ഇസ്രാഈലീ പ്രവേചകന്മാരിൽ അന്തിമനായ ഈസാ(അ)യെ അനുസ്മരിക്കുകയാണ്. അൽമസീഹ് ഈസ ബിനു മർയം എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേരെന്ന് 3:45-ൽ പറയുന്നുണ്ട്. ചിലയിടത്ത് ഈസ ബിനു മർയം എന്നും ചിലേടത്ത് ഇബ്നു മർയം എന്നു മാത്രമായും പരാമർശിച്ചിട്ടുണ്ട്. പിതാവില്ലാതെ ജന്മം കൊണ്ടതിനാലാണ് അദ്ദേഹത്തെ മാതാവിലേക്ക് ചേർത്ത് പറയുന്നത്. മാതാവിനെയും പുത്രനെയും ഓരോ ദൃഷ്ടാന്തമായി കണക്കാക്കാം. രണ്ടു പേരെയും കൂടി ഒറ്റ ദൃഷ്ടാന്തമായും കണക്കാക്കാം. മർയമിന്റെ ജനനത്തിലും വളർച്ചയിലും, ഈസാ(അ)യുടെ ജനനത്തിലും വളർച്ചയിലും ഉണ്ടായ ദൈവിക ഇടപെടലുകൾ നേരത്തെ സൂറഃ *ആലുഇംറാനി*ലും സൂറഃ *മർയമി*ലും വിശദമായി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. അവശ്യ വിഭവങ്ങൾ സുലഭമായി കിട്ടുന്നതും സുഖകരമായ മിത ശീതോഷ്ണമുള്ളതുമായ പീഠഭൂമിയാണ് ربوة. സ്വസ്ഥമായ വാസമാണ് قرار. സ്വസ്ഥമായ വാസം സാധ്യമാകുന്ന സ്ഥലം ذات قرار. ഈ പീഠസ്ഥലി -ربوة -കൊണ്ട് സൂചിപ്പിക്കുന്നത് ഏതു സ്ഥലമാണ്? മർയം ഈസാ(അ)യെ പ്രസവിച്ച നാളുകളിൽ പാർത്ത സ്ഥലമാണുദ്ദേശ്യമെന്നാണ് പ്രബലമായ അഭിപ്രായം. അവർ ജനത്തിൽ നിന്ന് അകലെ ഒരു ഈത്തപ്പനയുടെ ചുവട്ടിൽ ചെന്ന് ഇരുന്നു. ആ സ്ഥലം തെരഞ്ഞെടുക്കാൻ അല്ലാഹുവിങ്കൽ നിന്നുള്ള മാർഗദർശനമുണ്ടായിരുന്നു. ശാന്തവും സ്വസ്ഥവും ചുറ്റുപാടിൽ നിന്ന് ഉയർന്നു നിൽക്കുന്നതുമായ ആ സ്ഥലത്ത് പാകമായ കുലകൾ നിറഞ്ഞ ഒരീന്തപ്പനയും ശുദ്ധമായ തെളിനീരൊഴുകുന്ന ഒരുറവയുമുണ്ടായിരുന്നു. അല്ലാഹു അവർക്കായി സജ്ജമാക്കിയ ഒരിടമായിരുന്നു അത്. ഇതെല്ലാം മർയമുമായി ബന്ധപ്പെട്ട ദൃഷ്ടാന്തങ്ങളിൽ പെടുന്നു. ഇതൊക്കെയും സൂറഃ *മർയമിൽ* പരാമർശിക്കപ്പെട്ടിട്ടുണ്ട്.

മൂസാ(അ)ക്ക് ശേഷം ഇസ്രാഈല്യരിൽ ആഗതനായ ഏറ്റവും മഹാനായ പ്രവാചകനാണ് ഈസാ(അ). അദ്ദേഹത്തിന്റെ ജീവിതകാലത്ത് ചെറിയൊരു സംഘം ആളുകളേ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നുള്ളൂ. ആ വിശ്വാസികളുടെയും അവരുടെ ശിഷ്യന്മാരുടെയും പ്രബോധനഫലമായി രണ്ട് മൂന്ന് നൂറ്റാണ്ടുകൾക്കകം അദ്ദേഹത്തിന്റെ സന്ദേശം ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും പ്രചരിച്ചു. പല സമൂഹങ്ങളും കൂട്ടത്തോടെ ഈസാ(അ)യിൽ വിശ്വസിച്ചു. അതുകൊണ്ട് ഈസാ(അ)യുടെ സമുദായവും ഉന്മൂല നാശത്തിനു വിധേയരായില്ല.

رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ കൊണ്ട് വിവക്ഷ ബൈത്തുൽ മഖ്ദിസ് ആണെന്നാണ് ഖതാദയുടെയും ദഹ്ഹാക്കിന്റെയും പക്ഷം. ഫലസ്ത്വീനിലെ അർറംലയാണെന്നും ഒരഭിപ്രായമുണ്ട്. ദമസ്കസിലെ ഗൂത്വഃയാണെന്നാണ് ഇനിയൊരു പക്ഷം. ഇസ്രാഈല്യരുടെ ആക്രമണം ഭയന്ന് മർയം ഈസായെയും കൂട്ടി ഈ സ്ഥലങ്ങളിലെല്ലാം പോയി പാർത്തിരുന്നു പ്രസ്താവമാണ് ഈ അഭിപ്രായങ്ങൾക്കാധാരം. آوينا-യുടെ മൂലം ايواء ആണ്. ഇതിൽ നിന്നുള്ള ക്രിയയായ آوى അകർമകമായും സകർമകമായും ഉപയോഗിക്കും. അകർമകമാകുമ്പോൾ അഭയം പ്രാപിച്ചു എന്നും സകർമകമാകുമ്പോൾ മറ്റൊരാളെ താമസിപ്പിച്ചു എന്നുമാണർഥം. സൂറഃ *ഹൂദ്* 43-ാം സൂക്തത്തിലെ سَـَٔاوِىٓ إِلَىٰ جَبَلٍ (ഞാൻ ഒരു മലയിൽ അഭയം പ്രാപിക്കും) എന്നതിലെ آوى അകർമകവും آويناهما എന്നതിലെ آوى സകർമകവുമാണ്. താമസിപ്പിക്കുന്നതിന് സാധാരണ ഉപയോഗിക്കുന്ന പദം أسكن യാണ്. ആപത്തിൽ നിന്ന് രക്ഷപ്പെട്ടു വന്നു താമസിക്കുന്നതിനും താമസിപ്പിക്കുന്നതിനുമാണ് آوى ഉപയോഗിക്കുക. മർയമിനെയും പുത്രനെയും യഹൂദരുടെ അതിക്രമത്തിൽ നിന്ന് രക്ഷിച്ച് സുഖകരവും ശാന്തവും സമൃദ്ധവുമായ ഇടത്തിൽ അഭയം നൽകുകയായിരുന്നു അല്ലാഹു. ■